തുക്കുന്നപ്പുഴയും പള്ളിക്കീഴും പാലങ്ങളം.

*624. MR. PANDAVATHU SANKARA PILLAI (*Karthikappalli III—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കടൽക്കരയും വനവുമായി ബന്ധിപ്പിക്കുന്നതും മാവേലിക്കര-തുക്കുന്നപ്പുഴവരെയുള്ളതുമായ റോഡിൽ തുക്കുന്നപ്പുഴയും പള്ളിക്കീഴ കടവിലും ഓരോ പാലം മൻപുണ്ടായിരുന്നോ എന്നു ഗവണ്മെൻറു മയവായി പറയുമോ?

(ബി) ആ പാലങ്ങൾ ഇപ്പോൾ ഏതെങ്കിലും ബ്രിഡ്ജ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : മാവേലിക്കര തുക്കുന്നപ്പുഴറോഡിൽ വളരെ കൊല്ലങ്ങൾക്കു മുമ്പു ഒരു പാലം ഉണ്ടായിരുന്നതായി അറിയാൻ ഇടയായിട്ടുണ്ടു. തുക്കുന്നപ്പുഴ പാലം ഉണ്ടായിരുന്നതായി അറിഞ്ഞുകൂടാ.

MR. PANDAVATHU SANKARA PILLAI: ഡിപ്പാർട്ടുമെൻറിൽ നിന്നു പാലം അവിടെ ഇല്ലായിരുന്നു എന്നുള്ള അറിവാണോ തന്നതു്?

HON'BLE MR. K. R. ELANKATH : വളരെ കൊല്ലം മുമ്പു പാലം ഉണ്ടായിരുന്നതിൻറെ അവശിഷ്ടങ്ങൾ കാണുന്നുണ്ടെന്നാണു് ഞാൻ പറഞ്ഞതു്.

MR. KANNARA GOPALA PANICKER (*Thiruvella II—General*) : ഈ അടുത്തകാലത്തെങ്കിലും ആ പാലം നന്നാക്കുവാൻ ഗവണ്മെൻറിനു വല്ല ആലോചനയും ഉണ്ടോ?

HON'BLE MR. K. R. ELANKATH : ഇപ്പോൾ ആലോചനയൊന്നുമില്ല.

MR. KANNARA GOPALA PANICKER : ഇതുസംബന്ധിച്ചു വല്ല നിവേദനങ്ങളും ഗവണ്മെൻറിലേക്കു ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : ഈ ഇൻറർപ്പുലേഷൻ അല്ലാതെ മറെറാന്നും ലഭിച്ചിട്ടില്ല.

MR. MANNATHU PADMANABHA PILLAI : തുക്കുന്നപ്പുഴ ഇടപ്പള്ളി സ്വരൂപം വകയാണെന്നറിയാമോ?

HON'BLE MR. K. R. ELANKATH : ആ ചോദ്യം ഇതിൽ നിന്നുണ്ടാവുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly